# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 4, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 332)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 4795 മുതൽ 4878 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 4879 മുതൽ 4937 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 4938 മുതൽ 4993 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 4994 മുതൽ 5126 വരെ |

### അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

4795 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയതിന്റെ നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തു;
വ്യക്തമാക്കാമോ ;

(സി) ട്രൈബ്യൂണൽ മെമ്പർമാരുടെ നിയമനം പൂർത്തീകരിക്കുവാൻ സാധിച്ചുവോ ; നിലവിൽ എത്രപേർക്ക് നിയമനം നൽകി; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

റിസൽട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ്

4796 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ''റിസൽട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ്'' (ആർ.എഫ്.ഡി) സംവിധാനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് കൊണ്ട് എന്തെല്ലാം മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇത് ജില്ലാ ഭരണകൂടങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സർക്കാർ ഉത്തരവുകൾ ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി**

4797 **ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകൾക്കും അന്നേദിവസം ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും എന്ന പ്രഖ്യാപനം പൂർണ്ണമായി നടപ്പിലാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(ബി) ഏതെല്ലാം നിലയിലുളള ഉത്തരവുകളാണ് ഇതിനകം സൈറ്റിൽ നൽകാത്തത് ; പ്രഖ്യാപനത്തിനുശേഷം ഇതുവരെ സൈറ്റിന് നൽകാനിരുന്ന ഓരോ വകുപ്പിൽ നിന്നുമുളള ഉത്തരവുകൾ എത്രയാണ് ;

(സി) വെബ്സൈറ്റ് അനുവദിച്ചതിനുശേഷം ഏതെല്ലാം വകുപ്പുകളിൽ നിന്നുളള പ്രൈസ് ബിഡ്സ് റിസൾട്ടും, എഗ്രിമെന്റുകളും സൈറ്റിൽ എത്ര ദിവസത്തിനകം തന്നെ പബ്ലിഷ് ചെയ്യാതിരുന്നിട്ടുണ്ട് ;

(ഡി) വെബ്സൈറ്റ് ആരംഭിച്ചതിനുശേഷം ഇതുവരെയുള്ള എല്ലാ ഗവൺമെന്റ് ഉത്തരവുകളും, സർക്കാർ കരാറുകളുടെ പകർപ്പും പ്രൈസ് ബിഡ്സ് റിസൾട്ടും സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

## വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്യുന്ന നടപടി

4798 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസും അവിടെ നടക്കുന്ന മുഴുവൻ നടപടികളും വെബ്സൈറ്റിലൂടെ സംപ്രേഷണം നടത്തുന്നുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ ആഫീസിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ട്; അവർക്കായി എത്ര ഇരിപ്പിടങ്ങൾ ക്രമീകരിച്ചിട്ടുണ്ട്; എത്ര പേർ സംപ്രേഷണത്തിന്റെ പരിധിയിൽ വരുന്നുണ്ട്;

(സി) മുഖ്യമന്ത്രിയുടെ ആഫീസിന്റെ ഭാഗമായുള്ള ഉന്നതതലങ്ങളിലുള്ളവരുടെ നടപടികൾ വെബ്ബിലൂടെ സംപ്രേഷണം ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്തുവരുന്നതല്ലാതെ മുഖ്യമന്ത്രിയുടെ ആഫീസുമായി ബന്ധപ്പെട്ട് മറ്റൊരു നടപടികളും നടക്കുന്നില്ല എന്ന് വ്യക്തമാക്കുമോ;

(ഇ) മുഖ്യമന്ത്രിയുടെ ആഫീസിന്റെ ഭാഗമായുള്ള എത്ര ശതമാനം ഏരിയ വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്യുന്നില്ലെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എം.എൽ.എ മാരുടെ സഹായത്തിന് രണ്ട് സ്റ്റാഫ്**

4799 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 7500 രൂപ നിരക്കിൽ 2 സ്റ്റാഫിനെ എം.എൽ.എ. മാരുടെ പ്രവർത്തനത്തിന് സഹായത്തിനായി നൽകും എന്ന പ്രഖ്യാപനം എന്ന് ഉത്തരവായി ഇറക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) എന്തുകൊണ്ടാണ് ഉത്തരവിറക്കുവാൻ കാലതാമസം നേരിടുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മന്ത്രിമാർ വാടകയ്ക്കെടുത്ത ഔദ്യോഗിക വസതികൾ**

**4800** ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിലെ ഏതൊക്കെ മന്ത്രിമാരാണ് സർക്കാർ മന്ദിരങ്ങളിൽ താമസിക്കുന്നത്;

(ബി) ഏതൊക്കെ സംസ്ഥാന മന്ത്രിമാരാണ് വാടക കെട്ടിടങ്ങളിൽ താമസിക്കുന്നത്;

(സി) ഇതിനായി സർക്കാർ നാളിതുവരെ വാടകയിനത്തിൽ എത്ര തുകയാണ് നൽകിയിട്ടുള്ളത്;

(ഡി) സ്വന്തം ഉടമസ്ഥതയിലോ, കുടുംബാംഗങ്ങളുടെ ഉടമസ്ഥതയിലോ ഉള്ള കെട്ടിടത്തിൽ സർക്കാർ ഖജനാവിൽ നിന്നു വാടക നൽകി താമസിക്കുന്ന സംസ്ഥാന മന്ത്രിമാർ ആരൊക്കെയാണ്;

(ഇ) ഓരോ വീടിന്റെയും പ്രതിമാസ വാടക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**'സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ്' പദ്ധതിയുടെ പ്രവർത്തനം**

**4801** ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിറ്റി ബയോ ഡൈവേഴ്സിറ്റി ഇൻഡക്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പൈലറ്റ് പദ്ധതി ഏത് നഗരത്തിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ് പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>നിർബന്ധിത അപ്രന്റീസ്ഷിപ്</u>

**4802** **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി, ബിരുദ, ബിരുദാനന്തര കോഴ്സുകളും പ്രൊഫഷണൽ വിദ്യാഭ്യാസവും പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിർബന്ധിത അപ്രന്റീസ്ഷിപ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിദ്യാർത്ഥികൾക്കും ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും ഗുണകരമായ ഈ പദ്ധതിയെക്കുറിച്ച് പഠിക്കുവാൻ കമ്മിറ്റിയെ നിയോഗിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ**

4803 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച് ഇറങ്ങുന്ന സർക്കാർ ഉത്തരവുകളിലും മറ്റു പ്രധാന കത്തുകളിലും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാർക്ക് ചെയ്യുന്നതു പോലെ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ.യ്ക്കും മാർക്ക് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം**

4804 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതു സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുളളത് ആർക്കൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ മാനദണ്ഡപ്രകാരം സർവ്വീസ് സംഘടനാ നേതാക്കൾക്ക് എന്തെല്ലാം പരിഗണന സ്ഥലം മാറ്റത്തിൽ നൽകിയിട്ടുണ്ട് ;

(സി) സ്ഥലം മാറ്റത്തിന് നൽകിയിട്ടുളള പ്രത്യേക പരിഗണന വ്യക്തമാക്കുന്ന ഉത്തരവ് /സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പൊതുസ്ഥലം മാറ്റത്തിൽ അംഗീകൃത സർവ്വീസ് സംഘടനാനേതാക്കളെ ഉൾപ്പെടുത്തി യതിനെതിരെയുളള പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) പൊതുസ്ഥലം മാറ്റത്തിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മൂന്ന് വർഷം പൂർത്തിയാക്കാത്തവരെ സ്ഥലം മാറ്റിയിട്ടുണ്ടെങ്കിൽ ആയതിനുളള കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഫിനാൻഷ്യൽ ആന്റ് സോഷ്യൽ പ്രീ ഓഡിറ്റ് നടത്താൻ പദ്ധതി**

**4805 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 250 കോടി രൂപയിൽ കൂടുതൽ മുതൽമുടക്കുള്ള പദ്ധതികളുടെ വിഭവ വിനിയോഗവും പദ്ധതിയിൽ നിന്നുള്ള സാമൂഹ്യ നേട്ടവും മുന്നിൽ കണ്ടുകൊണ്ട് ഫിനാൻഷ്യൽ ആന്റ് സോഷ്യൽ പ്രീ ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം പ്രീ ഓഡിറ്റ് നടത്തിയത് ഏതെല്ലാം പദ്ധതിയുടെ കാര്യത്തിലാണെന്നും വിശദമാക്കാമോ ;

(സി) 250 കോടിക്ക് മുകളിൽ എന്നത് 50 കോടിക്ക് മുകളിലുള്ള പദ്ധതി എന്നാക്കാൻ തയ്യാറാക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിലെ സംവരണം</u>

4806

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പള പരിഷ്ക്കരണ കമ്മിഷന്റെ റിപ്പോർട്ട് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്കുമാരായി 3 വർഷം സേവനം പൂർത്തിയാക്കിയിട്ടുളള ബിരുദധാരികളായ ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനങ്ങളിൽ എൻട്രി കേഡറിൽ ശുപാർശ ചെയ്തിരുന്ന 10% സംവരണം അംഗീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം വരാറായ സാഹചര്യത്തിൽ നേരിട്ടപേക്ഷിക്കാൻ പ്രായപരിധികഴിഞ്ഞവരും കഴിയാറായവരുമായ മേൽ സൂചിപ്പിച്ച വിഭാഗം ജീവനക്കാർക്കുകൂടി തസ്തിക മാറ്റം വഴി അവസരം ലഭിക്കുന്നതിനു വേണ്ടി പ്രസ്തുത ശുപാർശ അംഗീകരിച്ച് ഉത്തരവിറക്കുന്നതിനുളള നടപടി അടിയന്തരിമായി കൈക്കൊളളുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പൊതുഭരണ വകുപ്പിന്റെ കീഴിൽ സർട്ടിഫിക്കറ്റ് പരിശോധന**

**4807**

**ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യ മന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിനു കീഴിൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെയും, സർവ്വീസിൽ പ്രവേശിക്കുന്നവരുടെയും സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുമോ;

(ബി) പി. എസ്. സി. പരീക്ഷാ നടത്തിപ്പും, നിയമന പ്രക്രിയയും കൂടുതൽ സുതാര്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ പേപ്പർ രഹിത ഫയൽ സ്കാനിംഗ് സിസ്റ്റം</u>**

**4808 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ പേപ്പർ രഹിത ഫയൽ സ്കാനിംഗ് സിസ്റ്റം ഏതൊക്കെ വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത സംവിധാനം ഏത് ഏജൻസിവഴിയാണ് നടപ്പിലാക്കുന്നത്; ഈ ഏജൻസിയുമായി സ്കാനിംഗ് ചാർജ്ജിനത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ തുക എത്ര;

(സി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയത് മുതൽ നാളിതുവരെ എത്ര തുകയാണ് ഏജൻസി സ്കാനിംഗ് ചാർജ്ജിനത്തിൽ ഈടാക്കിയിട്ടുള്ളത്;

(ഡി) വൻതുക ചെലവാകുന്ന പ്രസ്തുത രീതി പുനഃപരിശോധിക്കുമോ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>സ്വപ്തധാരാ പദ്ധതിയിന്‍കീഴില്‍ പ്രഖ്യാപിച്ച പദ്ധതികളില്‍ അധിക വിഭവ സമാഹരണം</u>**

**4809** **ശ്രീ. സി. കെ. സദാശിവന്‍**
**,, ബി. സത്യന്‍**
**ശ്രീമതി പി. അയിഷാ പോറ്റി**
**ശ്രീ. പുരുഷന്‍ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബഡ്ജറ്റ് നിര്‍ദ്ദേശങ്ങള്‍ക്ക് പുറത്തുള്ള സപ്തധാരാ പദ്ധതിയിലെ ഇനങ്ങള്‍ ഏതൊക്കെ; അവയില്‍ ഇതിനകം നടപ്പാക്കിയവ ഏതൊക്കെ;

(ബി) സപ്തധാരാ പദ്ധതിയിന്‍കീഴില്‍ പ്രഖ്യാപിച്ച പദ്ധതികളില്‍ അധിക വിഭവ സമാഹരണം വേണ്ടിവരുന്ന പദ്ധതികള്‍ ഉണ്ടായിരുന്നുവോ; എങ്കില്‍ അവ എന്തൊക്കെയാണെന്നും ആയതിന് ഓരോന്നിനും നടപ്പാക്കുവാന്‍ വേണ്ടിവരുന്ന തുക എത്ര; വെളിപ്പെടുത്തുമോ;

(സി) ഈ തുക കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്; ഇതിനകം എന്ത് തുക സമാഹരിക്കുകയുണ്ടായി; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളിലെ ബോർഡ്**

T 4810 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ 'കേരള സർക്കാർ' എന്ന ബോർഡ് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) അനുമതി നൽകിയിട്ടില്ലെങ്കിൽ ഇപ്രകാരം 'കേരള സർക്കാർ' എന്ന ബോർഡ് ഉപയോഗിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ നിന്നും പ്രസ്തുത ബോർഡ് നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ ഉപയോഗിക്കേണ്ട ബോർഡ് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### സര്‍ക്കാര്‍ വാഹനങ്ങളിലെ സണ്‍ ഫിലിം

4811 ശ്രീ. സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ വാഹനങ്ങളില്‍ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരെ കാണാനാവാത്ത വിധത്തിലുള്ള സൈഡ് ഗ്ലാസ്സുകള്‍ ഉപയോഗിക്കുന്നതു മുഖേനയുണ്ടാകുന്ന ബുദ്ധിമുട്ടുകളും അപകടങ്ങളും പരിശോധനാവിധേയമാക്കിയിട്ടുണ്ടോ;

(ബി) മുന്നില്‍ കൊടിയും, പ്രവര്‍ത്തിക്കുന്നതും അല്ലാത്തതുമായ ബീക്കണ്‍ ലൈറ്റുമായി പോകുന്ന ഔദ്യോഗിക വാഹനങ്ങളില്‍ ഉദ്യോഗസ്ഥര്‍ ഉണ്ടോ ഇല്ലയോ എന്നറിയാന്‍ സാധിക്കാത്തതുമൂലം വെറും വാഹനങ്ങള്‍ക്ക് ട്രാഫിക് നിയന്ത്രണ ഉദ്യോഗസ്ഥരും മറ്റ് സെക്യൂരിറ്റി ഉദ്യോഗസ്ഥരും സല്യൂട്ട് നല്‍കേണ്ടിവരുന്ന സ്ഥിതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കറുത്ത ഗ്ലാസ്സിട്ട വാഹനത്തിന് മുന്നില്‍ ഔദ്യോഗിക കൊടിയോ ബീക്കണ്‍ ലൈറ്റോ വച്ച് കള്ളക്കടത്തുകാരോ, ഭീകരരോ സഞ്ചരിച്ചാല്‍ ആയതു കണ്ടെത്താന്‍ വഴിവക്കിലെ പരിശോധനാ ഉദ്യോഗസ്ഥര്‍ക്ക് സാധിക്കുന്നില്ലെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പോലീസുദ്യോഗസ്ഥന്റെ വാഹനത്തില്‍ 'പോലീസ്' എന്ന ബോര്‍ഡ് വച്ച് മണല്‍ക്കടത്തു സംഘം സഞ്ചരിച്ചിട്ടും ആയതു കണ്ടെത്താനായില്ലെന്ന വസ്തുത ഗൗരവപൂര്‍വ്വം പരിഗണിക്കുമോ;

(ഇ) വി.വി.ഐ.പി സെക്യൂരിറ്റി, രാജ്യസുരക്ഷ എന്നീ കാര്യങ്ങളില്‍ പോലും ഉന്നത സിവില്‍, പോലീസ് ഉദ്യോഗസ്ഥരുടെ വ്യാജമുദ്രകളും അടയാളങ്ങളും പതിച്ച, കറുത്ത ഗ്ലാസ്സിട്ട വാഹനങ്ങള്‍ക്ക് ഭീഷണി ഉയര്‍ത്താനാവുമെന്ന വസ്തുത പരിഗണിച്ച്, സര്‍ക്കാര്‍ വാഹനങ്ങളില്‍ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരെ വ്യക്തമായി പരിശോധന ഉദ്യോഗസ്ഥര്‍ക്ക് കാണാനാവുന്ന

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**തരത്തിലുള്ള സൈഡ് ഗ്ലാസ്സുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്ക്കർഷിക്കുമോ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സംഘടനകൾക്ക് റഫറണ്ടം**

**4812** **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കിടയിൽ നാമമാത്ര അംഗങ്ങൾ മാത്രമുള്ള ചെറിയ സംഘടനകൾ ചില വകുപ്പുകളെ മാത്രം പ്രതിനിധീകരിച്ച് ചുരുങ്ങിയ നിലയിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ജീവനക്കാർക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകളിലെ ജീവനക്കാർക്കിടയിൽ റഫറണ്ടം നടത്തി റഫറണ്ടത്തിൽ ലഭിക്കുന്ന പിന്തുണ അനുസരിച്ച് സംഘടനകൾക്ക് അംഗീകാരം നൽകുന്ന തരത്തിൽ നിയമം കൊണ്ടുവരാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സെക്രട്ടേറിയറ്റിൽ റെയിൽവേയുടെ നിസർവേഷൻ കൗണ്ടർ**

4813 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റെയിൽവേയുടെ റിസർവേഷൻ കൗണ്ടർ ഗവൺമെന്റ് സെക്രട്ടേറിയറ്റിലാൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി;

(ബി) റെയിൽവേ റിസർവേഷൻ കൗണ്ടർ തുടങ്ങുന്നതിനെ സംബന്ധിച്ച് ഇപ്പോൾ നേരിടുന്ന പ്രധാന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) റെയിൽവേ റിസർവേഷൻ കൗണ്ടർ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പി. എസ്. സി. നിയമനങ്ങളിലെ കാലതാമസം</u>

4814 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നിയമനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ആയതിനെക്കുറിച്ച് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് അന്വേഷിക്കുവാൻ ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എൻ. സി. എ. റിക്രൂട്ട്മെന്റ്**

4815 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ. സി. എ. റിക്രൂട്ട്മെന്റിനുള്ള വിജ്ഞാപനങ്ങൾ നിജപ്പെടുത്താൻ പി. എസ്. സി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത വിജ്ഞാപനങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെ ലഭിക്കാത്ത സാഹചര്യമുണ്ടായാൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

**പി.എസ്.സി നിയമന പ്രായപരിധി 18-35 -ൽ നിന്നും 18-36 ആക്കാൻ നടപടി**

4816 **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **പെൻഷൻ പ്രായം ഏകീകരണം പിൻവലിച്ചതിനെ തുടർന്നുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;**

(ബി) **സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണ ഉത്തരവ് പിൻവലിച്ചതിനെ തുടർന്നും ഒരു വർഷത്തെ സർവ്വീസ് കാലയളവ് നീട്ടിനൽകിയതിനെ തുടർന്നും പി.എസ്.സി. നിയമനത്തിനായുള്ള പ്രായപരിധി 18-35 -ൽ നിന്നും 18-36 ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ദയവായി സ്വീകരിക്കുമോ?**

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

**സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ആക്കിയതിന്റെ പ്രത്യാഘാതങ്ങൾ**

**4817 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ആക്കി വർദ്ധിപ്പിച്ച വേളയിൽ പി.എസ്.സി. മുഖാന്തിരം ജോലിക്ക് അപേക്ഷിക്കുവാൻ സാധ്യമാകുന്ന ഉയർന്ന പ്രായപരിധി പൊതു-സംവരണ വിഭാഗങ്ങൾക്ക് നിലവിലുള്ളതിനേക്കാൾ ഒരു വർഷം ഉയർത്തുമെന്ന് തീരുമാനിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിരുന്നോ;

(ബി) പെൻഷൻ പ്രായം 56 ആക്കി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച ശേഷവും, പി.എസ്.സി. വിജ്ഞാപനങ്ങളിൽ ജോലിക്കായി അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.എസ്.സി. മുഖാന്തിരം തൊഴിലിനായി അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധി എല്ലാ വിഭാഗം അപേക്ഷകർക്കും ഒരുപോലെ ഓരോ വർഷം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയത് നടപ്പിലാക്കുവാനും, പെൻഷൻ പ്രായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതലുള്ള എല്ലാ പി.എസ്.സി. വിജ്ഞാപനങ്ങൾക്കും പ്രസ്തുത തീരുമാനം ബാധകമാക്കുവാനും പി.എസ്.സി.ക്ക് നിർദ്ദേശം നൽകുമോ;

(ഡി) പെൻഷൻ തീയതി ഏകീകരിക്കുവാനുള്ള മുൻ സർക്കാരിന്റെ തീരുമാനത്തിൽ മാറ്റം വരുത്തുകയും പെൻഷൻ പ്രായം 56 ആക്കി ഉയർത്തുകയും ചെയ്തതിലൂടെ സംസ്ഥാനത്തിനുണ്ടായ സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പി.എസ്.സി.യുടെ എൽ.ഡി.സി. നിയമനത്തിനായുള്ള പരീക്ഷയിൽ ബധിര-മൂകർ, മൂകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്താൻ നടപടി**

4818 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 427/10 പ്രകാരമുള്ള പി. എസ്. സി.യുടെ എൽ.ഡി.സി. നിയമനത്തിനായുള്ള പരീക്ഷയിൽ ബധിര -മൂകർ, മൂകർ എന്നീ വിഭാഗങ്ങളെ സ്യൂട്ടബിലിറ്റി ടെസ്റ്റിൽ പങ്കെടുപ്പിക്കേണ്ടതില്ല എന്നും ഇവരെ പ്രസ്തുത തസ്തികയിൽ നിയമിക്കേണ്ടതില്ല എന്നുമുള്ള പി. എസ്. സി. ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബധിരർ എന്ന വിഭാഗത്തിൽപ്പെടുന്നവർ 90% പേരും സംസാരിക്കാത്ത ബധിരർ ആണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതിനാൽ സംസാരിക്കാത്ത ബധിര വിഭാഗങ്ങൾക്ക് ജോലി നിഷേധിക്കുന്നത് മനുഷ്യത്വ ഹീനപരമായ നടപടിയാണെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഈ വിഭാഗത്തിന് മുൻപ് കിട്ടിയിരുന്ന ആനുകൂല്യം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഡൽഹി കേരള ഹൗസിൽ സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി നടപ്പാക്കാൻ നടപടി**

4819 **ഡോ. കെ. ടി ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹി കേരള ഹൗസിൽ നിയമനങ്ങൾ നടത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് ഇതിനകം നടത്തിയ നടപടികൾ വിശദമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾസ് ഇല്ലാത്തതിനാൽ കേരള ഹൗസിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാൻ കഴിയാതിരിക്കുന്നുണ്ടോ;

(സി) ഡൽഹി കേരള ഹൗസിൽ സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഹൗസിൽ ഈ സർക്കാർ ഇതിനകം ഏതെല്ലാം തസ്തികകളിൽ ആരെയെല്ലാം സ്ഥിരമായോ താല്ക്കാലികമായോ ദിവസകൂലിയടിസ്ഥാനത്തിലോ നിയമിക്കുകയുണ്ടായിയെന്ന് വിശദാമക്കുമോ ?

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

<u>പി.എസ്.സിയുടെ ഹെൽപ്പ് ഡെസ്ക്കുകൾ</u>

4820 ശ്രീ. കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജില്ലാ താലൂക്ക് തലങ്ങളിൽ പി.എസ്.സി യുടെ ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ആയതു വഴി ലഭ്യാക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## എൽ. ഡി. സി. നിയമനം

4821 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി 30ന് കേരളത്തിലെ 14 ജില്ലകളിലും നിലവിൽ വന്ന എൽ. ഡി. സി. നിയമന ലിസ്റ്റിൽ നിന്നും നിയമനം നടക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഈ ലിസ്റ്റിൽ നിന്നും നിയമനത്തിനായി കാസർഗോഡ് ജില്ലയിൽ നിന്നും എത്ര ഒഴിവുകളാണ് പി. എസ്. സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുളളത് ;

(സി) 2012 ഡിസംബർ 31നുളളിൽ വരാവുന്ന റിട്ടയർമെന്റ് ഒഴിവുകൾ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## റാങ്ക് ലിസ്റ്റുകളുടെ കാലാവധി

4822 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് 31 നകം കാലാവധി അവസാനിക്കുന്ന എത്ര പി.എസ്.സി റാങ്ക് ലിസ്റ്റുകളുണ്ട്;

(ബി) 2012 മാർച്ച് 31 ന് വിരമിക്കൽ ഏകീകരണം കണക്കാക്കി എത്ര തസ്തികകളിൽ സൂപ്പർന്യൂമററി നിയമനം നടത്തിയിട്ടുണ്ട്;

(സി) 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെ തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ഇതിനോടകം നിയമനം നടത്തിക്കഴിഞ്ഞിട്ടുള്ളതിനാൽ, പരമാവധി പേർക്ക് നിയമനം ലഭിക്കാൻ കഴിയുംവിധം, 2012 മേയ് 1 മുതൽ 2013 മാർച്ച് 31 വരെ കാലാവധി ഉള്ള എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 1 വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ല എൽ.ഡി.സി റാങ്ക്ലിസ്റ്റ്**

4823 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല എൽ.ഡി.സി റാങ്ക്ലിസ്റ്റ് പി.എസ്.സി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നിയമനങ്ങൾക്കുള്ള അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് അയച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) നിയമനത്തിനായി എത്ര ഒഴിവുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഓരോ വകുപ്പു തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) വകുപ്പുമേധാവികളോട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പാലക്കാട് എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>

4824 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) നിലവിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

പത്തനംതിട്ട എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

4825 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതെല്ലാം ജില്ലകളിൽ എൽ. ഡി. ടൈപ്പിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്;

(ബി) പത്തനംതിട്ട ജില്ലയിൽ എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിൽ എത്രാമത് റാങ്ക്വരെ നിയമനത്തിന് ശുപാർശ നല്കി; വിശദാംശങ്ങൾ നല്കുമോ;

(സി) പത്തനംതിട്ട ജില്ലയിൽ 31.05.2012 വരെ എത്ര എൽ. ഡി. ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ ആണ് പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പത്തനംതിട്ട ജില്ല - എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്**

**4826 ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക്ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര വേക്കൻസികൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിന്മേൽ സ്വീകരിച്ച നടപടികൾ പറയാമോ;

(സി) പത്തനംതിട്ട ജില്ലയിൽ നിലവിൽ ഒഴിവുള്ള വേക്കൻസികൾ അടിയന്തിരമായി പി.എസ്.സി.യ്ക്ക് റിപ്പാർട്ട് ചെയ്യാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി. മസ്ദൂര്‍ റാങ്ക് ലിസ്റ്റ്</u>

4827 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഇ.ബി. മസ്ദൂര്‍ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് പറയാമോ ;

(ബി) പ്രസ്തുത പരീക്ഷയുടെ ഓരോ ജില്ലയിലേയും കട്ട്-ഓഫ് മാര്‍ക്ക് എത്രയാണ് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതില്‍ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങള്‍ വിശദമാക്കുമോ ;

(ഡി) നിലവില്‍ ഓരോ ജില്ലയില്‍ നിന്നും എത്ര ഒഴിവുകള്‍ വീതം പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട് ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**<u>ഇടുക്കി ജില്ല - എച്ച്.എസ്.എ ഫിസിക്കല്‍ സയന്‍സ് റാങ്ക്ലിസ്റ്റ്</u>**

**4828 ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലയില്‍ പുതുതായി വന്ന എച്ച്.എസ്.എ ഫിസിക്കല്‍ സയന്‍സ് റാങ്ക് പട്ടികയില്‍ നിന്നും എത്ര പേരെ അഡൈ്വസ് ചെയ്തിട്ടുണ്ട്;

(ബി) ഈ തസ്തികയില്‍ നിലവില്‍ എത്ര ഒഴിവുകള്‍ ഉണ്ട്;

(സി) നിലവില്‍ അഡൈ്വസ് ചെയ്തതിന്റെ റൊട്ടേഷന്‍ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണ്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റ് ഗ്രേഡ് II സ്പെഷ്യൽ റിക്രൂട്ട്മെന്റ്</u>

**4829**

**ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഇപ്പോഴത്തെ നിയമന അവസ്ഥ അറിയിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ഈ തസ്തികയുടെ ജനറൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള മെയിൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കുപകരം സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ;

(സി) മതിയായ എണ്ണം പട്ടികജാതി വിഭാഗക്കാർ പ്രസ്തുത മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എക്സൈസ് വകുപ്പിൽ ഡ്രൈവർ നിയമനം**

4830 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി 2008 ജനുവരി മാസം എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തികയിലേക്ക് കോഴിക്കോട് ജില്ലയിൽ നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### സ്റ്റാഫ് നഴ്സ് ഗ്രേഡ് -II

4831 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി. പരീക്ഷ നടത്തിയിരുന്നുവോ;

(ബി) എങ്കിൽ വിവിധ ജില്ലകളിൽ പരീക്ഷ നടത്തിയ തീയതി വ്യക്തമാക്കുമോ;

(സി) ഈ പരീക്ഷയിൽ മൂല്യനിർണ്ണയം നടത്തി ഫലം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനായി ഏതെങ്കിലും ജില്ലയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ഇ) ഈ തസ്തികയിൽ നടത്തിയ പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തി അടിയന്തിരമായി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**അച്ചടിവകുപ്പിൽ സൂപ്പർ വൈസർ തസ്തിക നിയമനത്തിനുള്ള പി.എസ്.സി. വിജ്ഞാപനം**

**4832 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 15-9-2010-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ച അച്ചടിവകുപ്പിലെ സൂപ്പർവൈസർ തസ്തിക (കാറ്റഗറി നമ്പർ 250/10)യുടെ തുടർനടപടി പി.എസ്.സി റദ്ദ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് എത്ര ഉദ്യോഗാർത്ഥികളാണ് അപേക്ഷ നൽകിയിരുന്നതെന്ന് പറയാമോ ; ഏത് കാരണത്താലാണ് പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്ത് പുതുതായി അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചതെന്നും അറിയിക്കുമോ ;

(സി) മേൽപ്പറഞ്ഞ പി.എസ്.സി. അറിയിപ്പ് പ്രകാരം അപേക്ഷ നൽകിയിട്ടുള്ള നിരവധി ഉദ്യോഗാർത്ഥികൾക്ക് പ്രായപരിധികഴിഞ്ഞുപോയതിനാൽ പുതുതായി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ റദ്ദ് ചെയ്യപ്പെട്ട തസ്തിക വിജ്ഞാപന നടപടി വീണ്ടും ആരംഭിക്കുവാൻ ആദ്യം അപേക്ഷ സമർപ്പിച്ചിരുന്നതും, പ്രായപരിധി കഴിഞ്ഞതുമായ ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് / പി.എസ്.സി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ</u>

4833 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി., എന്നിവയിലേയ്ക്കുള്ള ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) നിലവിൽ എത്രപേർക്ക് പ്രസ്തുത ലിസ്റ്റിൽനിന്നും അഡ്വൈസ് നൽകിയിട്ടുണ്ട് ;

(സി) ഈ തസ്തികയിൽ വരുന്ന ഒഴിവുകളിൽ താമസം കൂടാതെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>തൃശ്ശൂർ ജില്ല ലോവർ ഡിവിഷൻ ക്ലാർക്ക് ഒഴിവുകൾ</u>**

**4834 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) അതിൽ എത്ര എണ്ണം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ അടിയന്തിരമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വിവിധ വകുപ്പുകളിലെ പുതിയ തസ്തികകൾ**

**4835** **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ വകുപ്പുകളിലായി ഏതെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും വകുപ്പുകളിലെ തസ്തികകൾ വെട്ടിച്ചുരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) തസ്തികകൾ വെട്ടിച്ചുരുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) പുതുതായി സൃഷ്ടിച്ച തസ്തികകളിലേക്ക് നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാര്‍ക്ക് വകുപ്പുതല സീനിയോറിറ്റി പരിഗണിച്ച് സ്ഥാനക്കയറ്റം</u>**

**4836 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍വ്വീസില്‍ ലാസ്റ്റ് ഗ്രേഡ് ജീവനക്കാര്‍ക്ക് വകുപ്പുതല സീനിയോറിറ്റി പരിഗണിച്ച് സ്ഥാനക്കയറ്റം നല്‍കുന്ന സംവിധാനമുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഏതെല്ലാം വകുപ്പുകളിലാണിപ്പോള്‍ പ്രൊമോഷന്‍ നല്‍കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) യോഗ്യതയ്ക്കനുസരിച്ച് ലാസ്റ്റ് ഗ്രേഡ് ജീവനക്കാര്‍ക്ക് എല്ലാ വകുപ്പുകളിലും പ്രൊമോഷന്‍ നല്‍കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതുസംബന്ധിച്ച ഭരണപരിഷ്കാര വകുപ്പിലെ 11219/ആര്‍2/07/പി. ആന്റ് എ. ആര്‍. ഡി. നമ്പര്‍ ഫയലില്‍ എന്തെല്ലാം തുടര്‍നടപടികള്‍ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കോളേജ് ലക്ചറര്‍ (ഹിസ്റ്ററി) തസ്തികയിലെ ശ്രീമതി ഷീനാകൃഷ്ണന്റെ നിയമനം**

4837 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോളേജ് ലക്ചറര്‍ (ഹിസ്റ്ററി) തസ്തികയില്‍ പി.എസ്.സി. അഡ്വൈസ് ചെയ്ത ശ്രീമതി ഷീനാകൃഷ്ണന് യഥാസമയം നിയമനം ലഭിക്കാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ കാരണം വ്യക്തമാക്കുമോ ;

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പില്‍ നിന്നും പ്രസ്തുത തസ്തികയില്‍ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഡി) റാങ്ക് ലിസ്റ്റ് പ്രകാരം പ്രസ്തുത ഒഴിവുകളിലേക്ക് ഒന്നാമതായി പരിഗണിക്കേണ്ടിയിരുന്നത് ആരെയാണെന്ന് അറിയിക്കുമോ ;

(ഇ) ആരെയാണ് പരിഗണിച്ചത്;

(എഫ്) പി.എസ്.സി. തെറ്റായി അഡ്വൈസ് ചെയ്തതു കാരണം ശ്രീമതി ഷീനാകൃഷ്ണന് യഥാസമയം ജോലി ലഭിക്കാത്തതിന്റെ ഉത്തരവാദിത്തം ആര്‍ക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) ജോലി യഥാസമയം നല്‍കാത്തതിന് ഉത്തരവാദികള്‍ക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുക എന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ഇക്കാര്യത്തില്‍ എന്തെങ്കിലും കേസ് കോടതികളില്‍ നിലവിലുണ്ടോ ;

(ഐ) ഉണ്ടെങ്കില്‍ കേസ് ആരാണ് ഫയല്‍ ചെയ്തിട്ടുള്ളത് എന്നും ആര്‍ക്കെതിരെയാണ് ഫയല്‍ ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

(ജെ) കേസ് നിലവിലുണ്ടെങ്കിലും ശ്രീമതി ഷീനാകൃഷ്ണന് ജോലി നൽകുന്നതിനും ആയത് അവർക്ക് അർഹതപ്പെട്ട തീയതി മുതൽ വേതനം നൽകികൊണ്ടും സീനിയോറിറ്റി അംഗീകരിച്ചുകൊണ്ടും നൽകുന്നതിനും ഭാവിയിൽ ഇതു സംബന്ധിച്ച് വരാവുന്ന കോടതി വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

<u>തിരുവനന്തപുരം എൽ. പി. സ്കൂൾ അസിസ്റ്റന്റ് നിയമനം</u>

4838 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ. പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ; പ്രസ്തുത ലിസ്റ്റിന്മേൽ നിയമന നിരോധനം നിലനിൽക്കുന്നുണ്ടോ ;

(ബി) എത്ര റാങ്കുവരെ നിയമനം നടന്നു ; സ്കൂളുകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; മറ്റു ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിമയനം നടക്കുന്നുണ്ടോ ;

(സി) 14 ജില്ലകളിലെയും ജില്ല തിരിച്ചുള്ള നിയമനം നടന്ന കണക്ക് ലഭ്യമാക്കുമോ; റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ദിവസ വേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

**സബ് ഇൻസ്പെക്ടർ പി.എസ്.സി. പരീക്ഷാ ഫലം**

**4839 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. 2007-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതും മുപ്പതിനായിരത്തോളംപേർ എഴുതിയതുമായ സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

(സി) ഈ പരീക്ഷയുടെ റിസൾട്ട് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>എൽ. ഡി. ക്ലാർക്ക് (തമിഴ് - മലയാളം) തസ്തികയിൽ പരീക്ഷ</u>**

**4840 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 305/2007 നോട്ടിഫിക്കേഷൻ പ്രകാരം എൽ. ഡി. ക്ലാർക്ക് (തമിഴ് - മലയാളം) എന്ന തസ്തികയിൽ പരീക്ഷ നടത്തിയിട്ടുണ്ടോ;**

(ബി) **ഈ തസ്തികയുടെ നോട്ടിഫിക്കേഷൻ വന്ന തീയതി എന്നാണ്; ഈ തസ്തികയ്ക്കായി പരീക്ഷ നടത്തിയത് എന്നാണ്;**

(സി) **പരീക്ഷാഫലം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ;**

(ഡി) **2007-ൽ നോട്ടിഫിക്കേഷൻ വന്ന തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പത്തനംതിട്ട ജില്ലയിൽ വനിതാ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തസ്തികയിലെ ഒഴിവുകൾ**

**4841** **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വനിതാ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനത്തിന് പി.എസ്.സി നടത്തിയ എഴുത്തു പരിക്ഷയുടെ റാങ്ക് ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിക്കാനുണ്ടോ ;

(സി) പ്രസിദ്ധീകരിക്കാനുണ്ടെങ്കിൽ ആയത് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ</u>

**4842** **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2012 മെയ് 31 വരെ വിവിധ വകുപ്പുകളിൽ നിന്ന് എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി ലിസ്റ്റ് നിലവിൽ വരാനുണ്ട്;

(സി) പി.എസ്.സി ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ ഇപ്പോൾ ദിവസ വേതന നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംവരണ സമുദായത്തിൽപ്പെട്ടവരുടെ കുറവു മൂലം ഏതെല്ലാം തസ്തികകളിൽ അഡ്വൈസ് ചെയ്യാൻ സാധിക്കാതെ വന്നിട്ടുണ്ട്?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കെ.എ.പി. ബറ്റാലിയന്‍ക നിന്നുള്ള നിയമനം</u>

4843 ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എ.പി. ബറ്റാലിയന്‍ക റാങ്ക് ലിസ്റ്റ് എന്നാണ് നിലവില്‍ വന്നത്;

(ബി) എത്ര നിയമനങ്ങളാണ് പ്രസ്തുത ലിസ്റ്റില്‍നിന്നും നടന്നത്;

(സി) എത്ര ഒഴിവുകളാണ് നിലവില്‍ റിപ്പോര്‍ട്ട് ചെയ്തിരിക്കുന്നത്;

(ഡി) റിപ്പോര്‍ട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് എന്ന് അഡൈ്വസ് നടക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ അഴിമതി</u>

4844 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിൽ അഴിമതിയുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്;

(സി) സ്പോർട്സ് ക്വാട്ട നിയമനം ഓൺലൈൻ വഴി ആക്കുന്നത് പരിഗണനയിലുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പി. എസ്. സി. ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന്റെ ഫലം</u>

**4845** **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരിയിൽ പി. എസ്. സി. നടത്തിയ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന്റെ ഫലം പുറത്തുവന്നപ്പോൾ ചില ജീവനക്കാരുടെ പരീക്ഷാഫലം തടഞ്ഞുവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിസ്സാര തെറ്റുകൾ ചൂണ്ടിക്കാട്ടി ഫലം തടഞ്ഞുവച്ചിരിക്കുന്നത് പ്രൊമോഷനും മറ്റും കാത്തിരിക്കുന്ന ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത ജീവനക്കാരുടെ പരീക്ഷാഫലം പുറത്തുവിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) 2012 ജനുവരിക്ക് മുമ്പ് നടന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷകളുടെ ഫലം ഇപ്രകാരം തടഞ്ഞുവച്ചിരിന്നുവോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസിന്റെ കാര്യക്ഷമത</u>

4846 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**അഖിലേന്ത്യാ സര്‍വ്വീസ് ഉദ്യോഗസ്ഥരുടെ അനുവദിക്കപ്പെട്ട കേഡര്‍ സ്ട്രെംഗ്ത്**

4847 **ശ്രീ. ഇ. പി. ജയരാജന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ അഖിലേന്ത്യാ സര്‍വ്വീസ് ഉദ്യോഗസ്ഥരുടെ അനുവദിക്കപ്പെട്ട കേഡര്‍ സ്ട്രെംഗ്ത് ഒരോ വിഭാഗത്തിലും എത്രയാണെന്ന് പറയാമോ;

(ബി) നിലവില്‍ ഒരോ വിഭാഗത്തിലും എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിന് ശേഷം ഓരോ വിഭാഗത്തിലും എത്ര പേര്‍ അവധിയില്‍ പ്രവേശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഗവണ്‍മെന്റ് അധികാരമേറ്റ ശേഷം ഓരോ വിഭാഗത്തിലും എത്ര പേര്‍ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനില്‍ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഡെപ്യൂട്ടേഷനില്‍ പോകുകയും അവധിയിലായിരിക്കുകയും ചെയ്ത ഏതെല്ലാം അഖിലേന്ത്യാ സര്‍വ്വീസ് ഉദ്യോഗസ്ഥര്‍ ഈ ഗവണ്‍മെന്റ് അധികാരമേറ്റ ശേഷം കേരളത്തില്‍ വന്നു ജോലിയില്‍ പ്രവേശിച്ചുവെന്നും അവര്‍ ആരെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

## <u>സ്റ്റേറ്റ് സിവിൽ സർവ്വീസ്</u>

4848 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

മറ്റു സംസ്ഥാനങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന രീതിയിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കുവാൻ എന്തെല്ലാം തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സിവിൽ ജുഡീഷ്യൽ ജീവനക്കാർക്ക് ''ഷെട്ടി കമ്മീഷൻ'' നടപ്പാക്കൽ സംബന്ധിച്ച്**

4849 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിവിൽ ജുഡീഷ്യൽ ജീവനക്കാർക്ക് 'ഷെട്ടി കമ്മീഷൻ' നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എന്തെല്ലാം നിർദ്ദേശങ്ങളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്നും, എന്നു മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും അറിയിക്കുമോ?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>ആറ്റിങ്ങലിൽ കുടുംബ കോടതി</u>**

**4850 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ കുടുംബകോടതി തുടങ്ങുവാൻ സർക്കാർ തീരുമാനിക്കുകയും ബഹു. ഹൈക്കോടതിയ്ക്ക് കത്തെഴുതുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എന്നു മുതൽ ഇതിന്റെ പ്രവർത്തനമാരംഭിക്കാനാണ് തീരുമാനിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങലിൽ കുടുംബകോടതി നടപ്പിലാകുമ്പോൾ അധികമായി വേണ്ടിവരുന്ന സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ ;

(സി) ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് അടുത്തതായി തുടങ്ങുന്ന കുടുംബകോടതികളുടെ പേര് മുൻഗണനാക്രമത്തിൽ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>മാവേലിക്കരയിൽ കുടുംബകോടതി</u>**

4851 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ കുടുംബകോടതി സ്ഥാപിക്കുന്നതിന് ഹൈക്കോടതി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) മാവേലിക്കരയിൽ കുടുംബകോടതി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഡൽഹിയിലെ കേരളഹൗസ് ടൂറിസം വകുപ്പിലേക്ക് മാറ്റാനുള്ള കാരണം**

**4852 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരളഹൗസ് പൊതുഭരണ വകുപ്പിൽനിന്ന് ടൂറിസം വകുപ്പിലേക്ക് മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മുംബൈ കേരള ഹൗസ്**

**4853 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുംബൈയിലെ കേരള ഹൗസിൽ മുംബൈ മലയാളികൾക്ക് മുറികൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മലയാളികളുടെ സംഘടനയ്ക്ക് ചടങ്ങ് സംഘടിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടും അനുവാദം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കേരള ഹൗസ് മുംബൈ മലയാളികൾക്ക് കൂടി അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ഗവേഷണ വികസന മേഖല</u>

**4854 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് നിലവിലുളള ഗവേഷണ, വികസന മേഖലയിലെ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വളർച്ചയിൽ വഹിക്കുന്ന പങ്കിനെ കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ;**

(ബി) **ഇവയ്ക്ക് വേണ്ടി ചെലവഴിക്കപ്പെടുന്ന പണത്തിനനുസരിച്ച് മെച്ചപ്പെട്ട ഫലങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;**

(സി) **ഇത്തരം സ്ഥാപനങ്ങളെ പരിഷ്ക്കരിക്കുന്നതിനും, ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ പ്രദാനം ചെയ്യുവാൻ പര്യാപ്തമാകും വിധം പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ഭൂകമ്പ സാധ്യതാ മേഖലകൾ</u>

4855 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഭൂമികുലുക്കങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) ഓരോ ഭൂമികുലുക്കങ്ങളും റിക്ടർ സ്കെയിലിൽ എത്രയാണ് രേഖപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇടുക്കി ജില്ലയിൽ മാത്രം എത്ര ഭൂകമ്പങ്ങൾ നടന്നെന്നും ഇതിൽ ഓരോന്നും റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയതെത്രയെന്നും വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് ഭൂകമ്പ സാധ്യതാ മേഖലകൾ ഏതൊക്കെയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന ഭൂചലനങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ ;

(എഫ്) ഭൂചലനങ്ങളെ മുൻകൂട്ടി അറിയാനും, ജീവൻരക്ഷാ പ്രവർത്തനങ്ങൾ നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കുട്ടനാട് നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ വായ്പ**

**4856 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ കുട്ടനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം ബാങ്കുകളിലാണ് വിദ്യാഭ്യാസവായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നിരസിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിസ്സാരമായ കാരണങ്ങൾ പറഞ്ഞ് പ്രൊഫഷണൽ കോഴ്സിനു പഠിക്കുവാനുള്ള വായ്പ നിഷേധിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

**വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ്**

4857 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ ഇൻഷ്വറൻസ് പ്രീമിയം വഹിക്കുന്നതിന് സർക്കാർ തയ്യാറാകുമോ എന്ന് അറിയിക്കുമോ;

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് കൂടി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) തീരദേശവാസികളായ വിദ്യാർത്ഥികൾക്ക് വായ്പ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ചെട്ടികുളങ്ങര, ഭരണിക്കാവ് ഗ്രാമപഞ്ചായത്തുകളില്‍ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും ചികിത്സാ ധനസഹായം**

**4858 ശ്രീ. സി.കെ. സദാശിവന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം മണ്ഡലത്തില്‍ ഉള്‍പ്പെട്ട മാവേലിക്കര താലൂക്കിലെ ചെട്ടികുളങ്ങര, ഭരണിക്കാവ് ഗ്രാമപഞ്ചായത്തുകളില്‍ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിലേക്ക് എത്ര അപേക്ഷകള്‍ ഈ സര്‍ക്കാരിന്റെ കാലത്ത് ലഭിച്ചു;

(ബി) ആയതില്‍ എത്ര പേര്‍ക്ക് തുക അനുവദിച്ചിട്ടുണ്ട്; എത്ര പേര്‍ക്ക് തുക വിതരണം ചെയ്തു; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

**4859**

**ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് ജില്ലതിരിച്ചുളള കണക്കുകൾ ലഭ്യമാക്കുമോ;

(സി) വ്യക്തികൾ മരണപ്പെട്ടതിന്റെ ഭാഗമായി കുടുംബ സഹായമായി എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുളള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഇങ്ങനെ കുടുംബ സഹായം അനുവദിക്കുന്നതിനുളള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ചികിത്സാ സഹായം - റവന്യൂ അധികാരികളുടെ നിലപാട്</u>

4860 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു വീട്ടിലെ ഒരാൾ സ്വന്തം ചികിത്സയ്ക്കുവേണ്ടിയും രോഗിയും യാത്രചെയ്യാൻ സാധിക്കാത്തതുമായ മറ്റൊരു കുടുംബാംഗത്തിന് ചികിത്സാ സഹായം ലഭിക്കുവാൻ വേണ്ടിയും ഒന്നിലധികം അപേക്ഷ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി നൽകുകയും പ്രസ്തുത അപേക്ഷകൾ എല്ലാം അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒരേ കക്ഷിയുടെ പേരിൽ തുക ഒന്നിലധികം തവണ അനുവദിച്ചിരിക്കുന്നു എന്ന കാരണത്താൽ ഒരു ഫണ്ടു മാത്രം റവന്യൂ അധികാരികൾ നൽകി രണ്ടാമത്തെ വ്യക്തിയുടെ ആവശ്യത്തിന് അനുവദിച്ച തുക നൽകാനാവില്ല എന്നു പറഞ്ഞ് നിരസിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടാമത്തെ വ്യക്തിക്കും ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഭാവിയിൽ ഇത്തരം നടപടികൾ ഉണ്ടാകാതിരിക്കുവാൻ നിർദ്ദേശം നൽകുമോ; രോഗം മാറാൻ ദീർഘകാലം ചികിത്സ വേണമെന്ന കാരണത്താൽ വീണ്ടും വീണ്ടും ധനസഹായത്തിന് അപേക്ഷ നൽകുകയും അവ അനുവദിക്കുകയും ചെയ്താലും റവന്യൂ ഉദ്യോഗസ്ഥർ ഈ തുക നൽകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിഷയം പരിശോധിച്ച് രോഗികൾക്ക് അനുവദിച്ച തുക എത്ര തവണയായാലും അത് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ശ്രീമതി ചിരുതയ്ക്ക് മിനിമം പെൻഷൻ അനുവദിക്കാൻ നടപടി**

**4861** **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തില്ലങ്കേരി വില്ലേജ് ഓഫീസിൽ വില്ലേജ് അസിസ്റ്റന്റായി ജോലി നോക്കവെ 1948 ഏപ്രിൽ 15 ന് തില്ലങ്കേരിയിൽ നടന്ന വെടിവയ്പിൽ ഗുരുതരമായി പരിക്കേൽക്കുകയും 1948 ഏപ്രിൽ 16 നു തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ മരണമടയുകയും ചെയ്ത സി. ഗോപാലന്റെ ആശ്രിതർക്ക് 64 വർഷങ്ങൾക്കു ശേഷവും കുടുംബപെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) മരണപ്പെട്ട ഗോപാലന്റെ വിധവ ശ്രീമതി ചിരുത (കൃഷ്ണ ഭവൻ, തില്ലങ്കേരി, മട്ടന്നൂർ) നൽകിയ നിവേദനത്തിൽ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(സി) എങ്കിൽ വൃദ്ധയും വിധവയുമായ ശ്രീമതി ചിരുതയ്ക്ക് മിനിമം പെൻഷനെങ്കിലും നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**നാദാപുരം നിയോജക മണ്ഡലത്തിലെ സ്വാതന്ത്ര്യ സമരപെൻഷൻ ലഭിക്കുന്നവരുടെ വിശദാംശം**

**4862 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

**സംസ്ഥാന സർക്കാറിന്റെ സ്വാതന്ത്ര്യസമര പെൻഷൻ നാദാപുരം നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് ലഭിക്കുന്നുണ്ട്; പഞ്ചായത്ത് തിരിച്ച് പേരും മേൽവിലാസവും അടങ്ങുന്ന കണക്ക് ലഭ്യമാക്കാമോ ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എല്ലാ ജില്ലയിലും എല്ലാ വർഷവും ജനസമ്പർക്ക പരിപാടി**

**4863** **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടി എല്ലാ ജില്ലയിലും വരും വർഷങ്ങളിലും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ സ്വീകരിച്ച പരാതികളിന്മേൽ തീർപ്പാക്കാത്ത പരാതികൾ പുതിയ പരിപാടിയിലേക്ക് ക്യാരി ഓവർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലൂടെ തീർപ്പാക്കാൻ കഴിഞ്ഞ കേസ്സുകൾ**

**4864** **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ എത്ര കേസുകൾക്ക് തീർപ്പുണ്ടാക്കുവാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ എത്ര രൂപയുടെ ധനസഹായം വിവിധ അപേക്ഷകളിന്മേൽ അനുവദിച്ചു;

(സി) ചികിത്സാ സഹായം, മരണാനന്തര ധനസഹായം എന്നീ ഇനങ്ങളിൽ ജനസമ്പർക്ക പരിപാടിയിലൂടെ ചേർത്തല താലൂക്കിൽപ്പെട്ട എത്ര പേർക്ക് സഹായം അനുവദിച്ചു; ചേർത്തല താലൂക്കിൽ ഇപ്രകാരം ആകെ എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(ഡി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പങ്കെടുത്ത ആലപ്പുഴ ജില്ലയിലെ പരിപാടിക്ക് സ്റ്റേഡിയം അലങ്കരിക്കൽ, സ്റ്റേജ്, പ്രചരണം, പന്തൽ, സ്വീകരണ പരിപാടി, വിവിധ വകുപ്പു വാഹനങ്ങൾ ഓടിയ ഇന്ധന ചെലവ് എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ചെലവുകൾക്കുള്ള തുക എവിടെ നിന്നാണ് കണ്ടെത്തിയത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ നൽകിയതിന്റെ വിശദാംശങ്ങൾ**

**4865 ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മാനദണ്ഡങ്ങൾ ലംഘിച്ചാണ് ജനസമ്പർക്ക പരാപാടികളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ നല്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയിലൂടെ അർഹതപ്പെട്ടവർക്കെല്ലാം ദുരിതാശ്വാസ നിധിയിൽ നിന്നും അനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജനസമ്പര്‍ക്ക പരിപാടിയിലൂടെ വികലാംഗര്‍ക്ക് സര്‍ക്കാര്‍ ജോലി നല്‍കിയ നടപടി**

**4866** **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

ജനസമ്പര്‍ക്ക പരിപാടിയിലൂടെ വികലാംഗരെ നിയമിച്ചതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റില്‍ ഉള്‍പ്പെട്ടിട്ടുള്ള എത്ര പേരുടേയും ഉള്‍പ്പെടുവാനുള്ള എത്ര പേരുടേയും ചാന്‍സുകളാണ് നഷ്ടപ്പെടുത്തിയത്; ഈ നടപടി പുന:പരിശോധിക്കുമോ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## <u>നദീസംയോജനം</u>

4867 ശ്രീ. കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നദീസംയോജന കാര്യത്തിൽ സുപ്രീംകോടതിയുടെ വിധി സംസ്ഥാനത്തെ നദീജലം തിരിച്ചു വിടുന്നതു സംബന്ധമായ കാര്യങ്ങളിൽ ജനങ്ങൾക്കിടയിൽ ആശങ്കയുണ്ടാകാൻ ഇടയാക്കിയിട്ടുണ്ടെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന് സ്വീകരിക്കാവുന്ന പരിഹാര നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ഡി) നദീസംയോജനം സംസ്ഥാന താല്പര്യത്തിന് ഹിതകരമാവുമെന്ന് കരുതുന്നുണ്ടോ ;

(ഇ) സംസ്ഥാനത്ത് മിച്ചജലമില്ലെന്ന് കേന്ദ്ര സർക്കാരിനേയും ജലക്കമ്മീഷനേയും ബോദ്ധ്യപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് ; ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**അന്തർ സംസ്ഥാന നദീജല കേസ്സുകൾ**

4868 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
'' പി.സി. ജോർജ്
'' റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ കേരളം കക്ഷിയായിട്ടുള്ള എത്ര കേസ്സുകൾ ബഹു: സുപ്രീം കോടതിയുടെ മുൻപാകെയുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത കേസുകളുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തി യിട്ടുള്ള അഭിഭാഷകർ ആരെല്ലാമാണ്;

(സി) ഇപ്രകാരം സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ എത്രയെണ്ണത്തിൽ വിധി പ്രഖ്യാപിച്ചു; ശേഷിക്കുന്ന കേസ്സുകൾ ഏതു ഘട്ടത്തിൽ എത്തിനില്ക്കുന്നു: വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജനസമ്പര്‍ക്ക പരിപാടിയിലെ ചേര്‍ത്തല താലൂക്കില്‍ അളവ് സംബന്ധമായ തര്‍ക്കങ്ങള്‍**

**4869 ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടിയുടെ ഭാഗമായി ചേര്‍ത്തല താലൂക്കില്‍ അളവ് സംബന്ധമായ തര്‍ക്കങ്ങള്‍ പരിഹരിക്കുന്നതിന് എത്ര അപേക്ഷകള്‍ ലഭിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ആയതില്‍ എത്ര കേസുകള്‍ പരിശോധിച്ച് ഇതിനോടകം പരിഹരിച്ചു എന്ന് അറിയിക്കുമോ;

(സി) പരിഹരിക്കപ്പെടാത്ത കേസുകളില്‍ നടപടി സ്വീകരിക്കാത്തതിന്റെ കാരണം കക്ഷികളെ അറിയിക്കാതെ അനിശ്ചിതമായി കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ജനസമ്പര്‍ക്ക പരിപാടിയില്‍ ലഭിച്ച അളവ് സംബന്ധമായ അപേക്ഷകള്‍ കൃത്യവും സമയബന്ധിതവുമായി പരിശോധിച്ച് നടപടി സ്വീകരിക്കാത്ത സര്‍വ്വേ ഉദ്യോഗസ്ഥരില്‍ നിന്നും വിശദീകരണം ചോദിക്കുകയോ അവര്‍ക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ദീര്‍ഘകാലമായി പരിഹരിക്കപ്പെടാതെ കിടന്ന ഇത്തരം അളവ് സംബന്ധമായ അപേക്ഷകള്‍ ജനസമ്പര്‍ക്ക പരിപാടിയില്‍ ഉള്‍പ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച ഹർജികളുടെ തീർപ്പാക്കൽ**

4870 ശ്രീ. ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച ഹർജികളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയിൽ തീരുമാനം എടുക്കാൻ വീണ്ടും പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എന്തെല്ലാം നിലയിലുള്ള പ്രശ്നങ്ങളിലാണ് ഉത്തരവുകൾ നൽകേണ്ടതായി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവ നൽകിവന്നിരുന്ന സർക്കാരിന്റെ വ്യവസ്ഥാപിത സംവിധാനങ്ങളൊന്നും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ;

(ഡി) വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെ അർഹതപ്പെട്ടവർക്ക് യഥാസമയം ആനുകൂല്യങ്ങൾ നൽകാൻ ഇപ്പോൾ സാധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(ഇ) ഇത്തരം സംവിധാനങ്ങൾ ഇപ്പോൾ കുറ്റമറ്റ നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ജനസമ്പര്‍ക്ക പരിപാടിയില്‍ ലഭിച്ച കൊട്ടാരക്കര താലൂക്കിലെ അപേക്ഷകള്‍**

**4871 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടിയില്‍ കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കില്‍ നിന്നും എത്ര അപേക്ഷകള്‍ ലഭിച്ചിരുന്നു;

(ബി) ആയതില്‍ എത്ര പരാതികള്‍ പരിഹരിക്കപ്പെട്ടു;

(സി) ആയതില്‍ ഇനിയും പരിഹാരം കാണാതെ അവശേഷിക്കുന്ന പരാതികള്‍ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികള്‍ വിശദമാക്കുമോ;

(ഡി) ജില്ലയിലെ ജനസമ്പര്‍ക്കപരിപാടി വഴി കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയില്‍ വരുന്ന വില്ലേജുകളില്‍ ദുരിതാശ്വാസ നിധിയില്‍ നിന്നും സഹായമായി വിതരണം ചെയ്ത തുകയുടെ വിവരം വില്ലേജുകള്‍ തിരിച്ച് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ**

4872 **ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ കോർപ്പറേഷൻ വഴി വായ്പകൾ നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് വായ്പ നൽകുന്നത്;

(സി) പരമാവധി വായ്പ നൽകുന്ന തുക എത്രയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വായ്പയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>മുന്നോക്ക സമുദായ കോർപ്പറേഷന്റെ പ്രവർത്തനം</u>

4873 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ കോർപ്പറേഷൻ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മുന്നോക്ക സമുദായ കോർപ്പറേഷന്റെ മേഖലാ ഓഫീസുകൾ തുടങ്ങുന്നത് എവിടെയൊക്കെയാണ് ;

(സി) ആദ്യ പ്രമോർട്ടർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**പട്ടികജാതി പട്ടികവര്‍ഗ്ഗ പീഡന നിരോധന നിയമം 1989 പ്രകാരമുള്ള പ്രത്യേക കോടതികള്‍**

**4874 ശ്രീ. പി. കെ. ബഷീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി-പട്ടികവര്‍ഗ്ഗ പീഡന നിരോധന നിയമം 1989 പ്രകാരം കേസുകളുടെ വിചാരണയ്ക്കായി എത്ര കോടതികള്‍ കേരളത്തില്‍ സ്ഥാപിച്ചിട്ടുണ്ട്;

(ബി) പുതുതായി പ്രസ്തുത കേസുകളുടെ വിചാരണയ്ക്കായി എത്ര കോടതികളാണ് സ്ഥാപിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ട നടപടി**

**4875**

**ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികളുടെ തറക്കല്ലിടൽ, ഉദ്ഘാടനം, സ്കീം പ്രഖ്യാപനം എന്നിവ നടത്തുന്നതിന് മുൻപായി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടായിരിക്കണമെന്നാണ് വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതിയും ടെണ്ടർ നടപടിക്രമങ്ങളും പൂർത്തിയാക്കാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തറക്കല്ലിടലുകൾ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; വിശദമായ സ്കീം തയ്യാറാക്കി അനുമതി നൽകി ഉത്തരവാകാതെ എത്ര സ്കീം പ്രഖ്യാപിക്കുകയുണ്ടായി;

(സി) കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിന് ശേഷമാണോ ഇതിന്റെ തറക്കല്ലിട്ടിരിക്കുന്നത് ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എയർ ഇന്ത്യ യഥേഷ്ടം ചാർജ്ജ് ഈടാക്കുന്നതായി പരാതി**

**4876 ശ്രീ. കെ. എൻ. എ. ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയർ ഇന്ത്യാ യാത്രക്കാരിൽ നിന്ന് യഥേഷ്ടം ചാർജ് ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിമാനയാത്രാക്കൂലി ഓരോ സീസണിലും യഥേഷ്ടം പരിഷ്ക്കരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നത് നിയന്ത്രിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ബസ്, തീവണ്ടി, കപ്പൽ തുടങ്ങിയ ഇതര വാഹനങ്ങൾക്ക് ചില മാനദണ്ഡങ്ങളനുസരിച്ച് നിശ്ചിതമായ യാത്രാനിരക്ക് നിലവിലുള്ളപ്പോൾ എയർ ഇന്ത്യയുടെ ഈ വർദ്ധനവ് ശരിയാണോ;

(ഡി) ഒരു നിശ്ചിത വിമാനനിരക്ക് ഒരു പ്രത്യേക കാലയളവിലേയ്ക്കെങ്കിലും നിജപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈ വിഷയം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽക്കൊണ്ടുവരുവാൻ ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**എയർഇന്ത്യയുടെ ആഭ്യന്തര സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നതിനെതിരെ നടപടി**

**4877 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർഇന്ത്യയുടെ ലാഭകരമായി സർവ്വീസ് നടത്തുന്ന ആഭ്യന്തര സർവ്വീസുകൾ നിരന്തരം വെട്ടിക്കുറയ്ക്കുന്നതുമൂലം യാത്രക്കാർ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർവ്വീസുകൾ കൃത്യമായി നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ ഇടപെട്ട് നടപടി സ്വീകരിക്കുമോ ;

(സി) ഇതുവരെ ആയതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പള്ളികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസുകള്‍</u>

4878

ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) യാക്കോബായ - ഓര്‍ത്തഡോക്സ് സഭകള്‍ തമ്മില്‍ നിലനില്‍ക്കുന്ന തര്‍ക്കങ്ങളും പള്ളികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വ്യവഹാരങ്ങളും ഇതു സംബന്ധിച്ച മറ്റു വിഷയങ്ങളും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തര്‍ക്കമുള്ള പള്ളികളും സ്ഥാപനങ്ങളും ഏതൊക്കെയാണ്;

(സി) ഇരുസഭകളും തമ്മിലുള്ള പ്രശ്നങ്ങള്‍ തീര്‍ക്കുവാന്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്;

(ഡി) സര്‍ക്കാര്‍ നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ പ്രവര്‍ത്തന പുരോഗതി വ്യക്തമാക്കുമോ;

(ഇ) മന്ത്രിമാരോ ഉന്നത ഉദ്യോഗസ്ഥരോ തര്‍ക്കപരിഹാരത്തിനായി വച്ച നിര്‍ദ്ദേശങ്ങള്‍ എന്തൊക്കെയാണ്; വിവിധ പ്രശ്നങ്ങളില്‍ ഇരുവിഭാഗങ്ങള്‍ക്കും നല്‍കിയിട്ടുള്ള ഉറപ്പുകള്‍ എന്തെല്ലാമെന്ന് അറിയിക്കുമോ;

(എഫ്) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സഭാതര്‍ക്കവുമായി ബന്ധപ്പെട്ട് എവിടെയെല്ലാമാണ് സംഘര്‍ഷങ്ങള്‍ ഉണ്ടായത്; പരിക്കുപറ്റിയവര്‍ ആരെല്ലാം; എത്ര കേസുകള്‍ ഏതെല്ലാം വകുപ്പു പ്രകാരം ആരുടെയെല്ലാം പേരില്‍ രജിസ്റ്റര്‍ ചെയ്തു എന്നും തുടര്‍നടപടികള്‍ എടുത്തു എന്നും വ്യക്തമാക്കുമോ;

(ജി) വിശ്വാസികള്‍ക്കും പുരോഹിതര്‍ക്കുമെതിരെ നടന്ന ആക്രമണങ്ങള്‍ക്കെതിരെയും വീഴ്ചവരുത്തിയ പോലീസ് ഉദ്യോഗസ്ഥര്‍ക്കെതിരെയും നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

(എച്ച്) നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം അനുവദിക്കുമോ;

(ഐ) വിവിധ പള്ളികളിലെ തർക്കങ്ങൾ തീർക്കുവാൻ ജനപ്രതിനിധികളെയും ഇതര സമുദായ നേതാക്കളെയും ഉൾപ്പെടുത്തി അനുരഞ്ജന സമിതികളെ ചുമതലപ്പെടുത്തുമോ ?